"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ശരത് പ്രകാശ് പി.എസ്.ന് പഠനാവശ്യത്തിനായി ശൂന്യവേതന അവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.172/2026/LSGD തീയതി,തിരുവനന്തപുരം, 21-01-2026

---

പരാമർശം:-
1. ശ്രീ. ശരത് പ്രകാശ് പി.എസ്. സമർപ്പിച്ച 12/12/2025 തിയതിയിലെ അവധി അപേക്ഷ.
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27/12/2025 തിയതിയിലെ LSGD/PD/40508/2025-DEA2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. ശരത് പ്രകാശ് പി.എസ്.-ന് ENLITE IAS അക്കാദമിയിൽ UPSC CSE പരിശീലനത്തിനായി 26/12/2025 മുതൽ ഒൻപത് മാസത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്ന പരാമർശം 1 പ്രകാരമുള്ള ടിയാന്റെ അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

[2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.ശരത് പ്രകാശ് പി. എസ്.-ന്, ടി ഉത്തരവ് തീയതിക്ക് ശേഷം ടിയാൾ അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 25/09/2026 വരെ കെ.എസ്.ആർ., ഭാഗം 1, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. ശൂന്യവേതനാവധിയിൽ തുടരുന്ന കാലയളവ് സീനിയോറിറ്റി, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, സ്ഥാനക്കയറ്റം, ഗ്രാറ്റുവിറ്റി, പെൻഷൻ, ആർജ്ജിതാവധി മുതലായവ ഉൾപ്പടെയുള്ള യാതൊരുവിധ ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല.

[3] അവധി സംബന്ധിച്ച വിവരങ്ങൾ അപേക്ഷകന്റെ സേവനപുസ്തകത്തിൽ നിയമനാധികാരി രേഖപ്പെടുത്തേണ്ടതും, ടിയാന്റെ സേവനകാര്യത്തിൽ KSR ഭാഗം I അനുബന്ധം XII-B യിലെ വ്യവസ്ഥകൾ കൃത്യമായും പാലിക്കുന്നുണ്ടെന്നുള്ള കാര്യം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശരത് പ്രകാശ് പി.എസ്., സെക്രട്ടറി, കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്, ഇടുക്കി.
*(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം മുഖേന)*
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.

വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി1/320/2025/തസ്വഭവ. നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 21-01-2026 14:13:15

സെക്ഷൻ ഓഫീസർ